I ഇ.ബി.XIII –കേരള നിയമസഭ/X—5

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 20, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## തിരുത്തിയ ഉത്തരം

### നക്ഷത്രചിഹ്നമിടാത്ത അറുന്നൂറ്റി ഇരുപത്തിയാറാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പന്ത്രണ്ടാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത അറുന്നൂറ്റി ഇരുപത്തിയാറാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി.കെ. അബ്ദുറബ്ബ് മേശപ്പുറത്തുവച്ചു.

## ഗവർണ്ണറുടെ സന്ദേശം

2013 ജനുവരി എട്ടാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി

ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## അടിയന്തരപ്രമേയം

### ഭൂമി തട്ടിപ്പ്

മി. സ്പീക്കർ : കടകംപള്ളിയിലും കളമശ്ശേരിയിലും കോടികൾ വിലമതിക്കുന്ന ഭൂമി വ്യാജരേഖ ചമച്ച് തട്ടിയെടുക്കുന്നതിന് പിന്നിൽ മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന സലിംരാജിനും ഭാര്യക്കും പുറമെ ഉന്നത സ്വാധീനമുള്ള ചിലരുണ്ടെന്നും ഭൂമി തട്ടിപ്പിലെ ഉന്നത ഇടപാടുകളെക്കുറിച്ചുള്ള അന്വേഷണം ഊർജ്ജിതമാക്കാതെ നിസ്സാരവത്ക്കരിക്കുന്നതുമൂലം ഉളവായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണന്, വി.എസ്. സുനിൽകുമാര്, മാത്യു. റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : കടകംപള്ളിയിലും കളമശ്ശേരിയിലും നടന്നിട്ടുള്ള ഭൂമി തട്ടിപ്പ് കേസ്സുമായി ബന്ധപ്പെട്ട് വന്ന പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ സൗത്ത് സോൺ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ലഭിച്ച പരാതികളിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ സസ്പെന്റ്

ചെയ്യുകയും കേസ്സുമായി ബന്ധപ്പെട്ട മറ്റുള്ളവരുടെ പേരിൽ വകുപ്പുതല അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : കടകംപള്ളി, കളമശ്ശേരി എന്നിവിടങ്ങളിലായി നാനൂറ് കോടി രൂപയിലധികം വിലമതിക്കുന്നതും എഴുന്നൂറോളം കുടുംബങ്ങൾ കൈവശംവച്ചിരിക്കുന്നതുമായ നാൽപ്പത്തിയഞ്ച് ഏക്കർ ഭൂമി സർക്കാരിന്റെ സഹായത്തോടെ വ്യാജരേഖ ചമച്ച് തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് ആരുടെ പേരിൽ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കാതെ റവന്യൂ വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുക എന്ന പ്രാഥമിക ചുമതലപോലും നിറവേറ്റാൻ കഴിയാത്ത സർക്കാരാണിത്. മുഖ്യമന്ത്രിയുടെ 'സുതാര്യ കേരളം' പരിപാടിയിലും പരാതി പരിഹാര സെല്ലിലും നൽകിയ പരാതിയിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാൻ സർക്കാർ തയ്യാറായില്ല. ഇതുസംബന്ധിച്ച് ഹൈക്കോടതി അനവധി വിമർശനങ്ങൾ നടത്തിയിട്ടും സർക്കാർ മൗനം പാലിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ വ്യാജ തണ്ടപ്പേർ ചമച്ചുണ്ടാക്കിയ ഭൂമി കുംഭകോണം ഭൂമാഫിയകളെ സഹായിക്കാൻ ഉദ്ദേശിച്ചാണ് നടത്തിയിരിക്കുന്നത്. റവന്യൂ സെക്രട്ടറി ഹൈക്കോടതിയിൽ കൊടുത്തിരിക്കുന്ന റിപ്പോർട്ടിൽ വ്യാജരേഖ ചമച്ചുണ്ടാക്കിയ ഈ ഭൂമിയിടപാട് ക്യാൻസൽ

ചെയ്യണമെന്ന് അറിയിച്ചിട്ടും നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. 2005-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടന്ന ഈ ഭൂമി തട്ടിപ്പുകേസ് പിന്നീട് വന്ന എല്.ഡി.എഫ്. സർക്കാർ അന്വേഷണം നടത്തുകയും കൃത്രിമ രേഖ ചമച്ച വില്ലേജ് ഓഫീസറെ സസ്പെന്റ് ചെയ്യുകയും ഭൂമിയിടപാട് റദ്ദ് ചെയ്യുകയും ചെയ്തിരുന്നു. എല്.ഡി.എഫ്. സർക്കാർ സസ്പെന്റ് ചെയ്തിരുന്ന ഉദ്യോഗസ്ഥനെ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉദ്യോഗക്കയറ്റം നൽകി പുനർ നിയമിച്ചിരിക്കുകയാണ്. ആരോപണ വിധേയനായതിനെ തുടർന്ന് സസ്പെന്റ് ചെയ്യപ്പെട്ട മുഖ്യമന്ത്രിയുടെ മുൻഗൺമാനായ വ്യക്തിക്ക് ഭരണത്തിലുള്ള സ്വാധീനം എന്താണെന്നും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരി ആയിരുന്ന ഇദ്ദേഹത്തിന്റെ ഭാര്യയെ ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് മാറ്റി നിയമിച്ചതും എന്തിനാണെന്ന് വ്യക്തമാക്കണം. സർക്കാരിന്റെ അറിവോടെ ഉദ്യോഗസ്ഥർ നടത്തുന്ന ഭൂമി കുംഭകോണം സംബന്ധിച്ച് സർക്കാർ സ്വീകരിക്കുന്ന നടപടികൾ ദുരൂഹത സൃഷ്ടിക്കുന്നതാണ്. ഭൂമിയിടപാടിലെ പ്രതിയായ സലിംരാജിന്റെ ടെലഫോൺ വിശദാംശങ്ങൾ അന്വേഷിക്കണമെന്ന കോടതി നിർദ്ദേശം പാലിക്കാനും ഇയാളുടെ പേരിൽ ലഭിച്ച പരാതി അന്വേഷിക്കാനും ഗവൺമെന്റ് തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ റിപ്പോർട്ട്

സമർപ്പിച്ച റവന്യൂ സെക്രട്ടറി രാജി വയ്ക്കേണ്ടിവരികയും പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കാൻ റവന്യൂ സെക്രട്ടറിയെ സഹായിച്ചതിന്റെ പേരിൽ ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറെ സ്ഥലം മാറ്റുകയും ചെയ്ത സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. ഉന്നതരുടെ പിന്തുണയോടുകൂടി ഭൂമി തട്ടിപ്പ് നടന്നിട്ടും അത് കണ്ടില്ലെന്ന് നടിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ അമ്പത് വർഷമായി കരംതീർത്ത ഭൂമിക്ക് ഇപ്പോൾ കരമടയ്ക്കാൻ പറ്റാത്ത അവസ്ഥയാണ്. മുഖ്യമന്ത്രിയുടെ ഓഫീസിനെ ഉപയോഗിച്ചുകൊണ്ടാണ് ഈ തട്ടിപ്പുകൾ നടത്തിയിരിക്കുന്നത്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്):</u> ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിൽ യാതൊരുവിധ അസ്വാഭാവികതയും നിലനിൽക്കുന്നില്ല. റിട്ടയർ ചെയ്ത ഡെപ്യൂട്ടി കളക്ടർമാരുടെ ഒഴിവ് വന്നപ്പോൾ ചില വകുപ്പുകളിലെ ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയിട്ടുണ്ട്. സർക്കാരിന് ലഭ്യമായിട്ടുള്ള പരാതികൾ സംബന്ധിച്ച് വസ്തുനിഷ്ഠമായി അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് മാധ്യമങ്ങളിൽ വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും അദ്ദേഹം

സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കേസ്സുമായി ബന്ധപ്പെട്ട് തെറ്റ് ചെയ്തിട്ടുള്ള ഒരു ഉദ്യോഗസ്ഥനെയും സംരക്ഷിക്കുന്ന സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. കോടതിയുടെ നിരീക്ഷണത്തിലിരിക്കുന്ന ഒരു വിഷയമായതുകൊണ്ട് വകുപ്പുതലത്തിൽ ചെയ്യാൻ കഴിയുന്ന എല്ലാകാര്യങ്ങളും ചെയ്യുന്നുണ്ട്. സലീംരാജുമായി ബന്ധപ്പെട്ട വിഷയത്തിൽ സൗത്ത് സോൺ വിജിലൻസിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഫിനാൻസിന്റെ റീകൺസിലിയേഷൻ വിഭാഗത്തിൽ ജോലി ചെയ്യുന്ന സലീംരാജിന്റെ ഭാര്യയ്ക്ക് ഈ ഫയലുകൾ കൈകാര്യം ചെയ്യുന്ന ഒരു മേഖലയിലും യാതൊരു സ്വാധീനവുമില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : കടകംപള്ളി വില്ലേജിലെയും കളമശ്ശേരിയിലെയും രണ്ട് ഭൂമി ഇടപാടുകൾ സംബന്ധിച്ച് വളരെ നാളുകളായി ചർച്ച ചെയ്യുന്ന ഒന്നാണ്. കടകംപള്ളിയിലേത് 44.5 ഏക്കറോളം വരുന്ന ഭൂമി തട്ടിയെടുക്കാൻവേണ്ടി നടത്തിയെന്ന് ആരോപിക്കുന്ന ഇടപാടിന്റേതും കളമശ്ശേരിയിലേത് രണ്ട് കുടുംബങ്ങൾ തമ്മിലുള്ള പോരാട്ടത്തിന്റേതുമാണ്. 11-11-2006-ലാണ് 44.50 ഏക്കർ സ്ഥലം എട്ടുപേരും റിയൽ എസ്റ്റേറ്റ് മാഫിയാ

സംഘങ്ങളും ചേർന്ന് തട്ടിയെടുക്കാൻ ശ്രമിക്കുന്നു എന്ന പരാതി വരുന്നത്. വർക്കല പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഈ തട്ടിപ്പിനെക്കുറിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ടിൽ ഇത് സിവിൽ സ്വഭാവമുള്ള കുറ്റകൃത്യമാണെന്നും കോടതികളിൽ പരാതി ബോധിപ്പിച്ച് വ്യവഹാരങ്ങൾ നടത്തി വസ്തുക്കളിന്മേലുള്ള ആവലാതിക്കാരുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കേണ്ടതാണെന്നും ബോധ്യപ്പെട്ടതിനാൽ ഈ കേസ് സിവിൽ സ്വഭാവമുള്ളതായി പരിഗണിച്ച് ഫയലിൽനിന്ന് കുറവു ചെയ്യുന്നതിന് 12- 01- 2011-ൽ കോടതിയിൽ അപേക്ഷ കൊടുത്തു. നാല് കൊല്ലത്തിലധികം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിലോ കക്ഷികൾ കൊടുത്ത പരാതിയിലോ സലീംരാജിന്റെ പേര് പരാമർശിച്ചിട്ടില്ല. കഴിഞ്ഞ എല്.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതിന്മേലുള്ള നടപടികൾ അവസാനിപ്പിച്ചിരുന്നതാണ്. സുതാര്യ കേരളം പരിപാടിയിൽക്കൂടി ഇതുസംബന്ധിച്ച പരാതി ലഭിച്ചയുടൻതന്നെ ജില്ലാ കളക്ടർക്ക് കർശന നിർദ്ദേശം നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. വിജിലൻസ് അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. കുറ്റം ചെയ്തവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരും. സലീംരാജിന്റെ ടെലഫോൺ കോൾ ഡീറ്റെയിൽസ് പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിലും മറ്റുള്ള കേസ്സുകളിലും ഡി.ജി.പി.-ക്കുവേണ്ടിയാണ് എ.ജി. ഹാജരായത്.

സുതാര്യ കേരളത്തിൽ ഭൂമിയിടപാടിൽ ഉൾപ്പെട്ട ഭൂമിയുടെ കരം സ്വീകരിക്കണമെന്ന നിർദ്ദേശം കളക്ടർക്ക് നൽകുകയും വിജിലൻസ് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്മേൽ നിർദ്ദേശം നൽകാൻ ഗവൺമെന്റിന് കഴിയില്ല. കളമശ്ശേരിയിലെ രണ്ടുവിഭാഗങ്ങൾ തമ്മിലുള്ള ഭൂമി തർക്കത്തെക്കുറിച്ചും കടകംപള്ളിയിലെ ഭൂമി ഇടപാട് സംബന്ധിച്ചും നിയമപരമായ നടപടികൾ സ്വീകരിക്കും.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദന്, സി. ദിവാകരന്, മാത്യു റ്റി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പ സമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) <u>കാഷ്യൂ ബോർഡ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ എ.എ. അസീസ്:</u> കൊല്ലം ജില്ല കേന്ദ്രീകരിച്ച് കാഷ്യൂ ബോർഡ് രൂപീകരിക്കുമെന്ന കേന്ദ്ര സർക്കാരിന്റെ വാഗ്ദാനം നടപ്പിലാക്കാൻ നടപടികൾ

സ്വീകരിക്കണം. പരമ്പരാഗത വ്യവസായ മേഖലയിൽ വളരെ പ്രധാനപ്പെട്ടതും പൊതുമേഖലയിലും സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും 860-ൽപ്പരം സ്ഥാപനങ്ങളിലായി പ്രവർത്തിക്കുന്നതും മൂന്ന് ലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്നതുമായ കശുവണ്ടി മേഖലയിലെ ഏതാനും ഫാക്ടറികളിൽ മാത്രമേ നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളൂ. ആകെയുള്ള തൊഴിലാളികളിൽ 90 ശതമാനത്തിലധികം സ്ത്രീകൾ പണിയെടുക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ വളരെ പ്രാകൃതവും ശോചനീയവുമായ തൊഴിൽ സാഹചര്യമാണ് നിലനിൽക്കുന്നത്. കോളനികളിലും വീടുകളിലുമായി നടത്തുന്ന അനധികൃത കശുവണ്ടി സംസ്കരണ കേന്ദ്രങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. അനധികൃതമായി നടത്തുന്ന സ്ഥാപനങ്ങളിലെ തോട്ടണ്ടിയും അസംസ്കൃത സാധനങ്ങളും കണ്ടുകെട്ടുന്നതിന് കാഷ്യൂ അക്വിസിഷൻ ആക്ട് മോഡിഫൈ ചെയ്തുകൊണ്ട് കഴിഞ്ഞ എല്.ഡി.എഫ്. സർക്കാർ നിയമം കൊണ്ടുവന്നുവെങ്കിലും അതനുസരിച്ച് നടപടികൾ സ്വീകരിക്കാൻ ഈ സർക്കാർ തയ്യാറാകാത്തതിനാൽ ധാരാളം അനധികൃത കുടിവറുപ്പ് കേന്ദ്രങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. കശുമാവ് തോട്ടങ്ങൾ വെട്ടിനശിപ്പിച്ചതുകൊണ്ട് തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം ഗണ്യമായി കുറഞ്ഞു. തോട്ടണ്ടി കൂടുതൽ ലഭ്യമാക്കുന്നതിനും മൂന്നുലക്ഷത്തിൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്ന ഈ വ്യവസായം സംരക്ഷിക്കുന്നതിനും കാഷ്യു കൾട്ടിവേഷൻ ഏജൻസിയുടെ

പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം. കൊല്ലം ജില്ല ആസ്ഥാനമാക്കി കാഷ്യു ബോർഡ് രൂപീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കശുവണ്ടി വ്യവസായ മേഖലയിൽ ഈ വർഷം കൂടുതൽ തൊഴിൽ ദിനങ്ങൾ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. കാഷ്യു ഫാക്ടറികൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റ് കാഷ്യു ബോർഡിന്റെ ആസ്ഥാനം മാറ്റുമെന്ന് പ്രതീക്ഷിക്കുന്നില്ല. കശുവണ്ടി സംസ്കരണത്തിന്റെ 75 ശതമാനവും നടക്കുന്ന കൊല്ലം ജില്ലയിൽ കാഷ്യു ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അന്തിമ തീരുമാനമെടുത്തിട്ടില്ലെങ്കിലും സംസ്ഥാനത്തിന് അനുകൂലമായ തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാഷ്യു ബോർഡിന് പ്ലാനിംഗ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുണ്ട്. ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ കൃഷി വകുപ്പിനാണോ വാണിജ്യ വകുപ്പിനാണോ എന്നത് സംബന്ധിച്ച് തീരുമാനമാകാത്തതുകൊണ്ടാണ് പ്രസ്തുത ബോർഡ് രൂപീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. ഇതു സംബന്ധിച്ച തീരുമാനം എത്രയും വേഗം ഉണ്ടാകുന്നതാണ്.

## (2) **ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ**

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:</u> എല്.എന്.ജി.യുടെ വിതരണത്തിനാവശ്യമായ ഗെയിൽ ഗ്യാസ് പൈപ്പ് ലൈനിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടിയെടുക്കണം. കൊച്ചിയിൽനിന്നും മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കുമുള്ള പൈപ്പ് ലൈനിന്റെ പ്രവൃത്തി 503 കി.മീറ്ററിൽ 53 കി.മീ. മാത്രമാണ് പൂർത്തിയായത്. കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉല്പാദിപ്പിക്കാനും വ്യവസായത്തിനും പാചകത്തിനും ഉപയോഗിക്കാനും സാധിക്കുന്ന വിധത്തിലാണ് ഇത് പ്ലാൻ ചെയ്തിരിക്കുന്നത്. ഗ്യാസ് പൈപ്പ് ലൈൻ സംബന്ധിച്ച് പല തെറ്റിദ്ധാരണകളും പ്രചരിക്കുന്നുണ്ട്. എല്.എന്.ജി.യുടെ വില കുറച്ച് കിട്ടുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറിലേർപ്പെടണം. ഗ്യാസ് പൈപ്പ് ലൈൻ പ്രാവർത്തികമായിക്കഴിഞ്ഞാൽ വാറ്റ് ഇനത്തിൽ ഒരു വർഷം ആയിരം കോടി രൂപ സംസ്ഥാനത്തിന് ലഭിക്കും. പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഏറ്റെടുക്കുന്ന സ്ഥലത്തിന് ന്യായമായ വിലകൊടുക്കണം. ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതോടൊപ്പം പ്രകൃതി വാതകാധിഷ്ഠിത വൈദ്യുത പദ്ധതിയായ ചീമേനി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനെക്കുറിച്ചുകൂടി ആലോചിക്കണം. ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് പദ്ധതി പ്രദേശത്തെ എം.എല്.എ. മാരുടെ യോഗം വിളിക്കുകയും അടിയന്തരമായി ഈ

വിഷയത്തിൽ നടപടി സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിന്റെ വികസനത്തിനാവശ്യമായ ഗെയിൽ ഇന്ത്യാ ലിമിറ്റഡിന്റെ പൈപ്പ് ലൈനിന്റെ രണ്ടാംഘട്ടം പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണ്. പൈപ്പ് ലൈൻ ഇടുന്നത് സംബന്ധിച്ച് തെറ്റായ പ്രചരണങ്ങൾ നടത്തുന്നതുമൂലം ചില എതിർപ്പുകൾ വന്നിട്ടുണ്ട്. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും ഏറ്റെടുക്കുന്ന സ്ഥലത്തിന് ന്യായ വില ലഭ്യമാക്കുകയും ചെയ്യും. ഇതുസംബന്ധിച്ച് 8-7-2013-ൽ ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗം കൂടി തീരുമാനമെടുത്തതനുസരിച്ച് സ്ഥലമേറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോയെങ്കിലും പൂർണ്ണമായിട്ടില്ല. കൊച്ചി നഗരത്തിൽ 42 കി.മീ. ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ചതുമൂലം വ്യവസായ സ്ഥാപനങ്ങൾക്ക് വാതകം കൊടുക്കാൻ സാധിക്കുന്നതാണ്. പൈപ്പ് ലൈനിൽക്കൂടി വീടുകളിൽ വാതകം കൊടുക്കുന്നതിനുവേണ്ടി കേന്ദ്ര പെട്രോളിയം വകുപ്പ് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. 2014 ജൂൺ മാസത്തിനുള്ളിൽ തന്നെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതാണ്. പദ്ധതി പ്രദേശത്തെ എം.പി./എം.എല്.എ. മാരെ വിളിച്ചുകൂട്ടി ചർച്ച നടത്തി ഇതുസംബന്ധിച്ച് തീരുമാനമുണ്ടാക്കുന്നതാണ്. പൈപ്പിലൂടെ വാതകം വീടുകളിലെത്തുന്ന സാഹചര്യമുണ്ടായാൽ തെറ്റായ പ്രചരണങ്ങൾ അവസാനിക്കുമെന്നുള്ളതുകൊണ്ട് ഇത് എത്രയുംവേഗം പ്രാവർത്തികമാക്കു

ന്നതിനുവേണ്ടി ശ്രമിക്കും. ചീമേനി വൈദ്യുത പദ്ധതിക്കാവശ്യമായ നടപടിയും സ്വീകരിക്കും.

## സബ്മിഷൻസ്

### (1) അരുവിപ്പുറം മഠത്തിലെ ആക്രമണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അരുവിപ്പുറം മഠത്തിനെതിരെ ഉണ്ടായ ആക്രമണത്തിനുത്തരവാദികളായ മുഴുവൻ പേർക്കെതിരെയും കേസ് രജിസ്റ്റർചെയ്ത് മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും മഠത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അരുവിപ്പുറം മഠത്തിലെ മാലിന്യങ്ങൾ നെയ്യാറിലേക്ക് ഒഴുക്കിവിടുന്ന വിവരമറിഞ്ഞ് 30-12-2013 രാത്രിയിൽ നാട്ടുകാരായ എസ്.എന്.ഡി.പി. പ്രവർത്തകർ സ്വാമിയെ പ്രതിഷേധമറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര സബ് ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ മാലിന്യങ്ങൾ നെയ്യാറിലേക്ക് ഒഴുക്കിവിടുന്നതായി ബോദ്ധ്യമാകുകയും സാധനങ്ങൾ കണ്ടുകെട്ടുകയും നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 01-01-2014-ൽ ആശ്രമത്തിൽ നടന്ന

ആക്രമണവുമായി ബന്ധപ്പെട്ട് സ്വാമി പ്രകാശാനന്ദയുടെ പരാതിയുടെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസ് രജിസ്റ്റർ ചെയ്യുകയും കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുയും 4 മുതൽ 6 വരെയുള്ള പ്രതികളെ അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 1 മുതൽ 3 വരെയുള്ള പ്രതികളെയും കണ്ടാലറിയാവുന്ന 35 പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിതമായ ശ്രമം നടത്തിവരുന്നു. അരുവിപ്പുറം മഠത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പോലീസ് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (2) <u>സുശീലന്റെ ഭാര്യക്ക് തൊഴിൽ</u>

<u>ശ്രീ. കെ. രാജു</u>: കൊല്ലത്തു നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പരാതി സമർപ്പിക്കാൻ കഴിയാത്തതിലുണ്ടായ നിരാശമൂലം ആത്മഹത്യചെയ്ത സുശീലന്റെ ഭാര്യക്ക് സർക്കാർ ജോലി നൽകുന്നതിനും രോഗബാധിതരായ കുട്ടികളുടെ ചികിത്സാചെലവും വിദ്യാഭ്യാസ ചെലവും പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം നയപ്രഖ്യാപന ചർച്ചയിൽ ഉന്നയിക്കുകയും മറുപടി പറയുകയും ചെയ്തതാണ്. ജനസമ്പർക്ക പരിപാടിയിൽ നേരത്തെ അപേക്ഷ തന്നവർക്ക് മുൻഗണന കൊടുക്കണമെന്നുള്ളതുകൊണ്ട് സുശീലന്റെ പരാതി ഏറ്റവും അവസാനമാണ് സ്വീകരിക്കാൻ സാധിച്ചത്. ആ കുടുംബത്തിന്റെ എല്ലാ ബുദ്ധിമുട്ടുകളും നേരിട്ട് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഡിസ്ട്രോഫി രോഗം ബാധിച്ച രണ്ട് കുട്ടികളുടെയും ചികിത്സ ഗവൺമെന്റ് ഏറ്റെടുക്കുന്നതിനും കുടുംബത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് രണ്ട് ഗവൺമെന്റ് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.

( 3) **പെൻഷൻകാർക്ക് സൗജന്യ ചികിത്സാ പദ്ധതി**

ശ്രീ. എ.റ്റി. ജോർജ്: സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 15-3-1996-ൽ പെൻഷനേഴ്സ് മെഡിക്കൽ ബെനിഫിറ്റ് സ്കീം നടപ്പാക്കുന്നതിന് തീരുമാനമെടുത്തെങ്കിലും കോൺട്രിബ്യൂഷൻ ഒന്നുമില്ലാത്തതിനാൽ ഇപ്പോൾ സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് മെഡിക്കൽ അലവൻസായി 300 രൂപയാണ് നൽകുന്നത്. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ നാഷണൽ പെൻഷൻ സ്കീമിന്റെ മാതൃകയിൽ ഒരു സ്കീം

സംസ്ഥാനത്തും കൊണ്ടുവരുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (4) നെയ്യാറ്റിൻകര പോലീസ് കോംപ്ലക്സ്

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനും സർക്കിൾ ഓഫീസും കാലപ്പഴക്കംമൂലം ശോച്യാവസ്ഥയിലായതിനാൽ 2011-12 -ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പോലീസ് സ്റ്റേഷൻ മന്ദിരം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): നെയ്യാറ്റിൻകരയിൽ പുതിയ പോലീസ് സ്റ്റേഷനുവേണ്ടി 2011-12 സംസ്ഥാന ബഡ്ജറ്റിൽ 30 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. എന്നാൽ ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന ആറ്റിങ്ങലിൽ പണിയാനുദ്ദേശിച്ച കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ നെയ്യാറ്റിൻകരയിലേക്ക് മാറ്റുവാനും പോലീസ് സ്റ്റേഷൻ, സി.ഐ. ഓഫീസ്, ഡിവൈ.എസ്.പി ഓഫീസ് എന്നീ മൂന്ന് ഓഫീസുകൾ ഉൾക്കൊള്ളുന്ന പോലീസ് ഓഫീസ് കോംപ്ലക്സ് പണിയുവാനും 15-6-2012-ൽ പോലീസ് ആസ്ഥാന മന്ദിരത്തിൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ നിർമ്മാണത്തിനായി പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. പോലീസ് ഓഫീസ് കോംപ്ലക്സ് പണിയാൻ തീരുമാനിച്ച സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന

ഡ്യൂപ്ലക്സ് ടൈപ്പ് പോലീസ് ക്വാർട്ടേഴ്സുകൾ ലേലം ചെയ്ത് പൊളിച്ചുമാറ്റുകയും പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി സ്ഥലം പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതേത്തുടർന്ന് കെട്ടിടം പണിയുന്നതിനായി കോർപ്പറേഷൻ ടെണ്ടറുകൾ ക്ഷണിച്ചുകഴിഞ്ഞു. 24-01-2014-ന് ടെണ്ടറുകൾ പരിശോധിച്ചശേഷം കരാറുകാരനെ നിശ്ചയിച്ച് പണി ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

## (5) **സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2013-14-ൽ നോൺ പ്ലാൻ സ്കീമിൽ 16.37 കോടി രൂപയും പ്ലാൻ സ്കീമിൽ 70 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടെങ്കിലും തുക അനുവദിക്കാത്തതുമൂലം ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥയാണ്. ഇതിന് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തിയ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ചോദിച്ചെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല.

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച് തൃപ്തികരമായ മറുപടി നൽകാത്തതിനാലും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഒബ്ജക്ഷനുകളിൻമേൽ ലൈബ്രറി കൗൺസിൽ സ്വീകരിച്ച നടപടികൾ  അറിയിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിനാലും ചില വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് 2012-13-വർഷത്തെ ഗ്രാന്റുകൾ റിലീസ് ചെയ്തിട്ടുള്ളത്. വ്യവസ്ഥകൾ പാലിക്കാത്തപക്ഷം 2013-14 വർഷത്തേയ്ക്കുള്ള ഗ്രാന്റ് റിലീസ് ചെയ്യുകയില്ലെന്ന് കൗൺസിലിനെ നേരത്തെ അറിയിച്ചിട്ടുണ്ട്. ലൈബ്രറി കൗൺസിലിന് 2011-12, 2012-13 വർഷങ്ങളിൽ യഥാക്രമം 14.5 കോടി രൂപയും 15.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനം ക്രമപ്രകാരം മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ നിബന്ധനകൾ പാലിക്കാത്തതിനാൽ കൗൺസിലിന്റെ തെറ്റായ നടപടികൾ തിരുത്തുന്നതിനായി 2013-14 സാമ്പത്തിക വർഷത്തെ പദ്ധതി പദ്ധതിയേതര ഗ്രാന്റുകൾ നൽകുന്നത് സർക്കാർ താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് കൊടുക്കാനും അവയുടെ പ്രവർത്തനം സമഗ്രമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുമുള്ള നിലപാടാണ് ഗവൺമെന്റും ഡിപ്പാർട്ടുമെന്റും സ്വീകരിച്ചിട്ടുള്ളത്. ഓഡിറ്റ് ഒബ്ജക്ഷൻസിൽ ചൂണ്ടിക്കാണിച്ച പോരായ്മകൾ തിരുത്തുന്നതിനുള്ള നിർദ്ദേശം

നൽകിയിട്ടുണ്ട്.

## (6) മങ്കട ഗവ: കോളേജിൽ സ്ഥിരം ജീവനക്കാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി.എ. അഹമ്മദ് കബീര്: മലപ്പുറം ജില്ലയിലെ മങ്കട നിയോജക മണ്ഡലത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച ആർട്സ് ആന്റ് സയൻസ് കോളേജിന്റെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് സ്ഥിരം അദ്ധ്യാപകരെയും ജീവനക്കാരെയും നിയമിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജിലെ കോഴ്സുകളുടെ നടത്തിപ്പിനായി ജീവനക്കാരുടെയും അദ്ധ്യാപകരുടെയും തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ശുപാർശ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കപ്പെട്ട ക്ലെറിക്കൽ സ്റ്റാഫിന്റെയും അദ്ധ്യാപകരുടെയും സേവനം ഉപയോഗിച്ച് 2013-14 അദ്ധ്യയന വർഷം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സാധിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തസ്തികകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (7) ദേശീയ സ്കൂൾ മീറ്റിൽ നേട്ടം കൈവരിച്ചവർക്ക് പാരിതോഷികം

<u>ശ്രീ. കെ.വി. വിജയദാസ്:</u> ദേശീയ സ്കൂൾ മീറ്റിൽ ഉജ്ജ്വല നേട്ടം കൈവരിച്ച പറളി സ്കൂളിന് ഒരു സിന്തറ്റിക് ട്രാക്ക് അനുവദിക്കുന്നതിനും കുട്ടികൾക്കും പരിശീലകർക്കും പാരിതോഷികവും നാല് സ്വർണ്ണം നേടിയ വി.വി. ജിഷക്ക് വീട് വച്ച് നല്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്</u>): ദേശീയ സ്കൂൾ മീറ്റിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് ലഭിച്ച വിദ്യാർത്ഥിക്കും കായികാദ്ധ്യാപകനും സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾ നേടിയ കായിക താരങ്ങൾക്കും ക്യാഷ് അവാർഡുകൾ നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. പറളി സ്കൂളിലെ കായിക താരങ്ങൾക്ക് കായിക ഇനങ്ങൾ പരിശീലിപ്പിക്കുന്നതിനാവശ്യമായ സിന്തറ്റിക് റൺവേയോടുകൂടിയ ലോംഗ്ജമ്പ് പിറ്റ് നിർമ്മിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്ന് 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ സ്കൂളിലെ കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് ഒരു ദിവസം 25 രൂപവച്ച് നൽകിവരുന്നത് കൂടാതെ അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി മൂന്ന് ലക്ഷം രൂപ വേറെയും അനുവദിച്ചിട്ടുണ്ട്. ഇവിടെയുള്ള കായിക താരങ്ങൾക്കുംകൂടി പ്രയോജനം ലഭിക്കത്തക്കവിധത്തിൽ പാലക്കാട് കുമരമ്പത്തൂർ കല്ലടി ഹയർ സെക്കണ്ടറി സ്കൂളിൽ നാലുവരി സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്.

## (8) <u>ടാങ്കർ ലോറി അപകടം</u>

<u>ശ്രീ. ടി.വി. രാജേഷ്:</u> കല്യാശ്ശേരി ടാങ്കർ ലോറി അപകടത്തിൽ രക്ഷാപ്രവർത്തനം നടത്തിയ അഗ്നിശമന സേനയിലെ ഉദ്യോഗസ്ഥർക്ക് പാരിതോഷികം നൽകാനും ടാങ്കർ ലോറി അപകടങ്ങൾ ആവർത്തിക്കാതിരിക്കാനും കണ്ണൂർ ആസ്ഥാനമായി ആധുനിക ഉപകരണങ്ങളോടുകൂടിയ ഡിസാസ്റ്റർ മാനേജ്മെന്റ് കേന്ദ്രം ആരംഭിക്കാനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: കല്യാശ്ശേരി ടാങ്കർ ലോറി അപകടത്തിന്റെ പശ്ചാത്തലത്തിൽ വാഹനങ്ങൾ തമ്മിലുള്ള അകലം കൃത്യമായി പാലിക്കണമെന്നും അപകട വസ്തുക്കൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കണമെന്നും നിഷ്കർഷിക്കുകയും അവ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. വാഹനങ്ങളുടെ ലൈഫ്, ടയര്, ബ്രേക്ക് എന്നിവയുടെ പരിശോധന, അഗ്നിശമന ഉപകരണങ്ങള്, സമയ നിയന്ത്രണം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിനുവേണ്ട ഇരുപത് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരം വാഹനങ്ങൾക്ക് ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. ടാങ്കർ ലോറികളുടെ ഡിസൈൻ ശരിയായി

പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും യാത്രാ സമയ ക്ലിപ്തത ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(9) **കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണം**

ശ്രീ. സി.കെ. സദാശിവന്: കായംകുളം - ഹരിപ്പാട്- കരുനാഗപ്പള്ളി എന്നീ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുവാൻ കഴിയുന്ന കായംകുളം കായലിന് കുറുകെയുള്ള കൂട്ടുംവാതുക്കൽ കടവ് പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): കായംകുളം നിയോജകമണ്ഡലത്തിൽ കായംകുളം കായലിന് കുറുകെ നിർമ്മിക്കുന്ന കൂട്ടുംവാതുക്കൽ കടവ് പാലത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയെങ്കിലും വിവിധ കാരണങ്ങളാൽ ഇതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. പാലം പണിക്ക് 50 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**(10) മണൽ ശേഖരണം**

ശ്രീ. സി.കെ. നാണു : മണൽക്ഷാമംമൂലം സിമന്റ്പാത്ര നിർമ്മാണ

വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി അഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽ വാരുന്നതിന് അനുമതി നൽകണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അക്രെഡിറ്റേഷനുള്ള ഏജൻസികളെക്കൊണ്ട് പരിസ്ഥിതി പഠനം നടത്തി സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെ ക്ലിയറൻസ് ലഭിച്ചശേഷം മാത്രമേ ഡ്രെഡ്ജിംഗ് നടത്താൻ പാടുള്ളൂ എന്ന ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവുള്ളതിനാലാണ് വടകര മണ്ഡലത്തിൽനിന്നും മണൽ വാരുന്നതിന് നിരോധനമേർപ്പെടുത്തിയിരിക്കുന്നത്. കപ്പൽചാലുകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യാത്തത് കപ്പൽ ഗതാഗതത്തെ സാരമായി ബാധിക്കുമെന്നതിനാൽ മേൽ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് തുറമുഖ വകുപ്പിന് നിർദ്ദേശം നൽകുകയും മണൽ വാരലിനെക്കുറിച്ച് പരിസ്ഥിതി പഠനം നടത്താൻ കിറ്റ്കോയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ സിമന്റ്പാത്ര നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ.

## (11) നൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം

<u>ശ്രീ. എന്.എ. നെല്ലിക്കുന്ന്</u> : ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെയും വിദേശത്തുനിന്ന് മടങ്ങിയെത്തിയവരുടെയും ഉന്നമനത്തിനായി രൂപീകരിച്ച ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>) : ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ ഉന്നമനത്തിനായി രൂപീകൃതമായ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്.എം.ഡി.എഫ്.സി. യുടെ ചാനലൈസിംഗ് ഏജന്റായി സംസ്ഥാന സർക്കാരിന്റെ മൂലധന സഹായത്തോടെയും കേന്ദ്ര സർക്കാരിന്റെ ഫണ്ടും ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. നൂറ് കോടി രൂപ അംഗീകൃത മൂലധനമുള്ള കോർപ്പറേഷന് 840 ലക്ഷം രൂപ ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട്. സ്വയംതൊഴിൽ സംരംഭക വായ്പ, മഹിളാ സമൃദ്ധി യോജന, പ്രവാസി വായ്പാ പദ്ധതി, മൈക്രോ ഫിനാൻസ് വായ്പ തുടങ്ങിയവയുടെ അപേക്ഷകൾ ഇന്നുമുതൽ സ്വീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. കോർപ്പറേഷന്റെ വിവിധ പദ്ധതികളിൽനിന്ന് രണ്ട് മുതൽ ആറ് ശതമാനംവരെ പലിശ നിരക്കിൽ

36 മാസം മുതൽ 86 മാസം വരെയുള്ള കാലാവധിയിൽ 25 ലക്ഷം രൂപ വായ്പ ലഭിക്കുന്നതിനായി ഗ്രാമങ്ങളിൽ 83,000 രൂപയും നഗരങ്ങളിൽ 1,03,000 രൂപയുമാണ് വരുമാന പരിധി നിശ്ചയിച്ചിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിൽ ഇതിനായി മേഖലാ ഓഫീസുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ 3(1)(2) ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**നിയമനിർമ്മാണ കാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

(1) **2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ**

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) : 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചു

കൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

കുമാരി പി.കെ. ജയലക്ഷ്മി : 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ വിദ്യാഭ്യാസം സംബന്ധിച്ച ആറാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

കുമാരി പി.കെ. ജയലക്ഷ്മി : 2012-ൽ ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ യുവജനങ്ങളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾക്കുംവേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിക്കുന്നതിനും അവരുടെ അവകാശ സംരക്ഷണത്തിനും വേണ്ടി രൂപീകരിച്ചിരിക്കുന്ന ഈ കമ്മീഷൻ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശക്തമായ ഇടപെടലുകൾ നടത്തുകയും സമഗ്രമായ റിപ്പോർട്ടുകൾ ഗവൺമെന്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും അർഹമായ പ്രാതിനിധ്യം നൽകിയാണ് ഈ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഈ ബിൽ

കുറ്റമറ്റതാക്കി തീർക്കാൻ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : I move that: "This House resolves to disapprove The Kerala State Youth commission Ordinance, 2013 (Ordinance No. 45 of 2013)”. യുവത്വത്തിന്റെ സർഗ്ഗാത്മതകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുന്നതിനുമുള്ള സംവിധാനമായി മാറേണ്ട യുവജന കമ്മീഷൻ കേവലമൊരു ഉപദേശക സ്വഭാവത്തോടുകൂടിയാണ് ഇവിടെ രൂപീകരിച്ചിരിക്കുന്നത്. യുവജനങ്ങളുടെ അവകാശങ്ങൾ ഈ ബില്ലിലൂടെ സംരക്ഷിക്കപ്പെടുമെന്ന് പറയുന്നുണ്ടെങ്കിലും അത് എങ്ങനെയെന്ന് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല. ബില്ലിന്റെ പീഠികയിൽ പറയുന്ന പ്രകാരം മെച്ചപ്പെട്ട വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയവ പ്രാവർത്തികമാക്കാനുള്ള കാര്യങ്ങളൊന്നുംതന്നെ ബില്ലിൽ പറയുന്നില്ല. യുവജനങ്ങളുടെ സാക്ഷരത, സാമൂഹിക രാഷ്ട്രീയബോധം, സംഘടനാ ബോധം, കലാകായികമേഖലകളിലെ മികവ്, തൊഴിലിനുവേണ്ടി പുറംനാട്ടുകളിൽ പോകുന്നതിനുള്ള സന്നദ്ധത, പുതിയ അറിവുകളും സാങ്കേതികവിദ്യകളും ഉൾക്കൊള്ളാനുള്ള മനോഭാവം തുടങ്ങിയവ

പരിപോഷിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കണം. യുവജനങ്ങൾക്കായി പ്രഖ്യാപിക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്നതുസംബന്ധിച്ച് ആഡിറ്റിംഗ് നടത്താൻ കഴിയുന്ന സംവിധാനമായി യുവജനകമ്മീഷൻ മാറണം. ദിശാബോധമില്ലാത്ത വിദ്യാഭ്യാസം, പരിശീലനങ്ങളിലെ അപര്യാപ്തത തുടങ്ങിയവയെക്കുറിച്ച് ഈ ബില്ലിൽ പരാമർശിക്കുന്നില്ല. വിവിധ യുവജന വിഭാഗങ്ങളെക്കുറിച്ച് പറയുന്നുണ്ടെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ബില്ലിൽ പറയുന്നില്ല. കേരളത്തിലെ സമ്പദ്ഘടനയെ സഹായിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന പ്രവാസികളെക്കുറിച്ച് യുവജനനയത്തിൽ പറയുന്നുണ്ടെങ്കിലും പ്രവാസി സമൂഹത്തിലെ എൺപത് ശതമാനത്തോളം വരുന്ന യുവജനങ്ങളെക്കുറിച്ചോ, പ്രവാസികൾക്കുള്ള സഹായത്തെക്കുറിച്ചോ നിയമപരിരക്ഷയെക്കുറിച്ചോ ഈ ആക്ടിൽ പരാമർശിക്കുന്നില്ല. സഹകരണമേഖലയിൽ യുവജന വികസനം ശക്തിപ്പെടുത്തുമെന്ന് പറയുന്നുണ്ടെങ്കിലും അത് എങ്ങനെയാണെന്ന് ഈ ആക്ടിൽ പരാമർശിച്ചിട്ടില്ല. പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ രംഗങ്ങളിൽ യുവജനങ്ങളെ മുഖ്യപങ്കാളികളാക്കുമെന്ന്

യുവജനനയത്തിൽ പറയുന്നുണ്ടെങ്കിലും ഈ പ്രശ്നത്തിൽ യുവജനകമ്മീഷനെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നതു സംബന്ധിച്ചോ ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹികനീതി ഉറപ്പാക്കുന്ന കർമ്മപരിപാടി ആവിഷ്കരിക്കുമെന്ന് പറയുന്നുണ്ടെങ്കിലും അത് നടപ്പാക്കുന്നത് സംബന്ധിച്ചോ ആക്ടിൽ വ്യക്തമാക്കിയിട്ടില്ല. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ അവർക്ക് നിയമപരമായ പരിരക്ഷ നൽകുന്നതിനോ കൃത്യമായ നിലപാടുകൾ ഈ ആക്ട് മുന്നോട്ടുവയ്ക്കുന്നില്ല. യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന വ്യവസ്ഥകൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. യുവത്വത്തിന്റെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിന് ഒരു സംവിധാനമുണ്ടാക്കാൻ സാധിക്കണം. വിദ്യാഭ്യാസരംഗത്ത് യുവജനങ്ങൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കാനുള്ള നടപടികൾ ഈ ബില്ലിലില്ല. കഴിവിനും അഭിരുചിക്കുമനുസരിച്ച് വിദ്യാഭ്യാസം, തൊഴിലില്ലായ്മ, മാന്യമായ വേതനം, തൊഴിൽ സംരക്ഷണം, സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാനുള്ള മൗലികാവകാശം, കായികക്ഷമത വർദ്ധിപ്പിക്കാനുള്ള അവകാശം, നിയമപരിരക്ഷ, സാംസ്കാരിക ഔന്നത്യത്തിനുള്ള അവകാശം, പുരോഗമന ചിന്തകള്, മതേതരത്വം, മദ്യം-മയക്കുമരുന്ന് തുടങ്ങിയ ലഹരി സാധനങ്ങളിൽ

നിന്നും മോചനം നേടാനുള്ള അവകാശം, കുടിയേറ്റക്കാരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള നിയമബാധ്യതകൾ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഈ ബില്ലിൽ പരാമർശിച്ചുകാണുന്നില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന കൊള്ളയ്ക്കുനേരെ യുവജനകമ്മീഷൻ മൗനം പാലിക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും നടക്കുന്ന ചൂഷണങ്ങൾ പരിഹരിക്കാൻ സാധിക്കുന്ന ഒരു സംവിധാനമായി യുവജന കമ്മീഷൻ മാറണം. അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യുവജനങ്ങളായ അധ്യാപകർ അഭിമുഖീകരിക്കുന്ന തൊഴിൽ ചൂഷണം പരിഹരിക്കാൻവേണ്ട വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കണം. അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. തൊഴിൽപരമായ സംരക്ഷണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പരാതി നൽകാൻ സംവിധാനമുണ്ടാകണം. പ്രഖ്യാപിക്കപ്പെട്ടതും തീരുമാനങ്ങളായതുമായ ക്ഷേമപദ്ധതികൾ നടപ്പാകുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിംഗ് സംവിധാനമുണ്ടാക്കണം. യുവജന സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി ഫണ്ട് നീക്കിവയ്ക്കണമെന്ന ഉത്തരവ് പാലിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും വിശദീകരണം തേടാനും വിവിധ

വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ചും പരിശോധന നടത്താൻ കമ്മീഷന് അധികാരം വേണം. യുവജനങ്ങളുടെ അധികാരത്തെയും അവകാശത്തെയും ലംഘിക്കുന്നതും നിയമപരമായി നിലവിലുള്ള സംരക്ഷണം ഇല്ലാതാക്കുന്നതുമായ നടപടികൾ സ്വീകരിക്കുന്നവരെ പ്രോസിക്യൂട്ട് ചെയ്യാനുള്ള വ്യവസ്ഥ ഇല്ലാത്തിടത്തോളം കാലം ഈ ബിൽ ദുർബലമായിരിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ : നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഒട്ടേറെ പോരായ്മകൾ നിറഞ്ഞതും ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്തതുമായ ബില്ലാണിത്. യുവാക്കൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നേരിടാൻ ജുഡീഷ്യൽ അധികാരത്തോടുകൂടിയുള്ള ഇടപെടൽ നടത്താൻ ബില്ലിൽ വ്യവസ്ഥയില്ല. യുവജനങ്ങളുടെ പ്രശ്നങ്ങൾക്ക് ആശ്വാസകരമായ നടപടി സ്വീകരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങളടങ്ങിയ കമ്മീഷൻ രൂപീകരിക്കണം. കമ്മീഷനിൽ ഒരു വനിതയും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെട്ട ഒരാളും മതിയെന്ന നിർദ്ദേശം പുന:പരിശോധിക്കണം. സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് നീതി ലഭ്യമാക്കുന്ന സംവിധാനമുണ്ടാക്കണം. യുവാക്കളുടെ പ്രശ്നപരിഹാര നിവൃത്തിക്കുവേണ്ടി ഇടപെടാനും ആവശ്യമെങ്കിൽ നിയമ നടപടിയുമായി മുന്നോട്ടുപോകാനും അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കാനുമുള്ള അവകാശമില്ലാതെ ഇതെല്ലാം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നുമാത്രം പറയുന്നതുകൊണ്ട് ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കാനാകില്ല. അൺ

എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരുടെ പ്രശ്ന പരിഹാരത്തിന് ആവശ്യമായ ഇടപെടൽ നടത്താനോ സമാശ്വാസ നടപടികൾ സ്വീകരിക്കാനോ യാതൊരു വ്യവസ്ഥയും ഇതിലില്ല. സംസ്ഥാന യുവജന കമ്മീഷന്റെ ചെയർപേഴ്സൺ സ്ഥാനവും അംഗത്വവും റൊട്ടേഷൻ വ്യവസ്ഥയിൽ നൽകുന്ന കാര്യവും മൂന്നിലൊന്ന് വനിതാ പ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യവും പരിഗണിക്കപ്പെടണം. യുവാക്കൾക്കിടയിൽ കണ്ടുവരുന്ന തീവ്രവാദ പ്രവർത്തനം, മയക്കുമരുന്ന് ഉപയോഗം തുടങ്ങിയ സാമൂഹിക വിപത്തുകളിൽ നിന്നും അവരെ പിന്തിരിപ്പിക്കാനും അതിലേക്കായി വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകാനും യുവാക്കളെ ബോധവൽക്കരിക്കാനും കുറ്റക്കാരെ നിയമത്തിനു മുൻപിൽ കൊണ്ടുവരാനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. കമ്മീഷന്റെ അധികാര പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം. കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചാൽ അപ്പലേറ്റ് അതോറിറ്റിയെന്ന നിലയിൽ ഹൈക്കോടതിയെ മാത്രമേ സമീപിക്കാൻ കഴിയൂ എന്ന വ്യവസ്ഥ കൊണ്ടുവരാത്തിടത്തോളംകാലം ഇങ്ങനെയൊരു ബിൽകൊണ്ട് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുകയില്ല. യുവജന കമ്മീഷന് സംഭാവന സ്വീകരിക്കാനുള്ള വ്യവസ്ഥ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്. ഓരോ സംസ്ഥാനത്തും നിയമം മുഖേന യുവജന കമ്മീഷനുകൾ സ്ഥാപിക്കണമെന്ന ദേശീയ .യുവജന കമ്മീഷന്റെ ശുപാർശയുടെ

അടിസ്ഥാനത്തിൽ യാതൊരു ധാരണയുമില്ലാതെയും പ്രശ്നങ്ങൾ മനസ്സിലാക്കാതെയും ഇങ്ങനെയൊരു നിയമനിർമ്മാണത്തിന് ഒരുങ്ങുന്നത് സംസ്ഥാനത്തെ യുവജനങ്ങൾക്ക് ഗുണം ചെയ്യുകയില്ല.

ശ്രീ. ഷാഫി പറമ്പിൽ: 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-07-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെ ചുരുങ്ങിയ സമയം കൊണ്ട് ഗവൺമെന്റിനെ സഹായിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്താൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ അറുപത് ശതമാനത്തോളം യുവാക്കളാണ്. വിദ്യാസമ്പന്ന രായ യുവാക്കളെ സൃഷ്ടിക്കുക എന്നതാണ് ബില്ലിന്റെ ഉദ്ദേശശുദ്ധിയെങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം സാർവ്വത്രികമായി കൊടുക്കാൻ കഴിയുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ചെറുപ്പക്കാരുടെ ശക്തി രാജ്യത്തിന് ഗുണകരമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ അവരെ വാർത്തെടുക്കാൻ കമ്മീഷന്റെ ഇടപെടലിലൂടെ സാധിക്കണം. ചെറുപ്പക്കാരുടെ ശബ്ദമായി മാറാനും അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കണ്ടെത്താനും കഴിയുന്ന തരത്തിൽ യുവജന കമ്മീഷനെ മാറ്റിയെടുക്കാൻ കഴിയണം. തൊഴിലില്ലായ്മയാണോ തൊഴിൽ അറിയായ്മ യാണോ തൊഴിലെടുക്കാൻ തയ്യാറാകത്തതാണോ യുവജനങ്ങൾക്കിടയിലുള്ള

പ്രശ്നമെന്ന കാര്യം ഗൗരവമായി ചിന്തിക്കണം. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാര്യമായ അഴിച്ചുപണികൾ നടത്തണം. ജോബ് ഓറിയന്റഡായിട്ടുള്ള കോഴ്സുകൾ സംഘടിപ്പിക്കാനും പഠനത്തോടൊപ്പം ജോലി എന്ന സമ്പ്രദായം നടപ്പിലാക്കാനും കഴിയണം. ക്ലാസ്സുകളുടെ ടൈം ഷെഡ്യൂളിൽ മാറ്റം വരുത്താനും യൂണിവേഴ്സിറ്റി കലണ്ടറുകളിൽ അതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്താനും കോഴ്സുകൾ ഡിസൈൻ ചെയ്യാനും സാധിക്കണം. ലോകത്തിന്റെ ഹ്യൂമൻ റിസോഴ്സ് ഫാക്ടറിയായി സംസ്ഥാനത്തെ മാറ്റിയെടുക്കാൻ കഴിയണം. പുറം ലോകവുമായി സംവദിക്കാൻ കഴിയുന്ന വിധത്തിൽ കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ് ചെയ്യാനും ഓരോ കോഴ്സിനോടും ഇൻസ്റ്റിറ്റ്യൂട്ടിനോടും ചേർന്ന് ലാംഗ്വേജ് സ്കിൽ വർദ്ധിപ്പിക്കാനുമുള്ള ഇടപെടലുകൾ നടത്തണം. പ്ലംബർ, ഇലക്ട്രീഷ്യൻ തുടങ്ങിയ സ്കിൽഡ് ജോലികളുടെ ഡിമാന്റും ഡിഗ്നിറ്റിയും ബോധ്യപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ചെറുപ്പക്കാരെ വാർത്തെടുക്കണം. പി.എസ്.സി. നിയമനത്തിലൂടെ സർക്കാർ ജോലി മാത്രമാണ് ഏക ആശ്രയമെന്ന നിലപാട് മാറേണ്ടതുണ്ട്. യുവാക്കളായ തൊഴിൽ സംരഭകരെ വളർത്തിയെടുക്കണം. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംരംഭക മിഷന്റെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 500 കോടിയോളം രൂപ മാറ്റിവെയ്ക്കണമെന്ന സർക്കാർ പ്രഖ്യാപനം അഭിനന്ദനാർഹമാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ തൊഴിൽ സാധ്യതകൾ

വർദ്ധിപ്പിക്കണം. 'അസാപ് ' പോലുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോജക്ടുകളു മായി മുന്നോട്ടു പോകുന്നതും സംരംഭങ്ങളുണ്ടാക്കാനായി 20 ലക്ഷം രൂപവരെ ഈടില്ലാത്ത പലിശരഹിത വായ്പ നൽകുന്നതും ശ്ലാഘനീയമാണ്. സമൂഹത്തെ മൊത്തത്തിൽ ബാധിക്കുന്ന അഴിമതി തടയുന്നതിനായി ചെറുപ്പക്കാരെ സജ്ജമാക്കുന്നതിനും കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കു ന്നതിനും ഫുഡ് പ്രോസസിംഗ് മേഖലയിൽ തൊഴിലവസര ങ്ങളുണ്ടാക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കണം. യുവാക്കളിലെ പ്രതിഭകളെ കണ്ടെത്തി അവസരങ്ങൾ നൽകുന്നതുവഴി അസാന്മാർഗ്ഗിക മാർഗ്ഗങ്ങളിലേക്ക് ചെറുപ്പക്കാർ പോകുന്നത് തടയാൻ സാധിക്കും. സ്കൂളുകളിൽ കഞ്ചാവ് പോലുള്ള ലഹരി പദാർത്ഥങ്ങൾ വ്യാപകമാകുന്നത് തടയാൻ യുവജന കമ്മീഷന്റെ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾക്ക് കഴിയണം. കായികരംഗത്ത് പ്രതിഭകളെ വാർത്തെടുക്കാൻ നടപടികളുണ്ടാകണം. ട്രെയിനുകളിൽ സ്പോർട്ട്സ് വിദ്യാർത്ഥികളുടെ യാത്ര സുഗമമാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കണം. പാലക്കാട് ജില്ലയിൽ സിന്തറ്റിക് ട്രാക്കിനായി ബഡ്ജറ്റിൽ തുക വകയിരുത്തണം. ഇളംപ്രായത്തിലെ കുട്ടികളിൽ സ്പോർട്ട് വളർത്തിക്കൊണ്ടുവരുന്നതിനായി സർക്കാർ മുൻകൈ എടുത്ത് സ്പോർട്ട്സ് നഴ്സറികൾ ആരംഭിക്കണം. കായിക രംഗത്തെ ഭരണം പ്രൊഫഷണലായി മുന്നോട്ടുകൊണ്ടുപോകുന്നതിനും ഈ രംഗം സർക്കാരിന്റെ പ്രധാനപ്പെട്ട

അജണ്ടയായി മാറുന്നതിനും നടപടികളുണ്ടാകണം. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലിയും നൽകാൻ കഴിയണം. ക്രിക്കറ്റ് രംഗത്തുനിന്നും വിരമിച്ച സച്ചിൻ ടെൻഡുൽക്കറുടെ ജീവചരിത്രം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. യുവജനകമ്മീഷൻ രൂപീകരിക്കാൻ എടുത്ത തീരുമാനം ശ്ലാഘനീയമാണ്. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾവഴി ചെറുപ്പക്കാർക്ക് അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ബില്ലായി ഇതു മാറണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാര്:</u> 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നമ്മുടെ ജനസംഖ്യയിൽ ഭൂരിപക്ഷവും യുവാക്കളാണ്. ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണെങ്കിലും ആയുർദൈർഘ്യം, ശിശുമരണനിരക്ക്, സ്ത്രീ സാക്ഷരത തുടങ്ങിയ പല കാര്യങ്ങളിലും മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് പുറകിലാണ്. മാനവവിഭവശേഷിയിൽ മുന്നിലാണെങ്കിലും കായികരംഗത്ത് നമ്മുടെ വിദ്യാർത്ഥികൾ പുറകിലാണ്. വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ അദ്ധ്യാപകരോ കളിസ്ഥലമോ സ്കൂളുകളിൽ ഇല്ല. ഗ്രേസ് മാർക്ക് ലഭിക്കുമെന്നുള്ളതുകൊണ്ടുമാത്രമാണ് യുവജനോത്സവ ങ്ങളിൽ കുട്ടികളെ രക്ഷിതാക്കൾ പങ്കെടുപ്പിക്കുന്നത്. യുവജനങ്ങളിൽ

കായികക്ഷമത പരിപോഷിപ്പിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിലില്ല. യുവജനങ്ങളെ നല്ലനിലയിൽ വളർത്തിയെടുക്കുന്നതിനുപകരം കോർപ്പറേറ്റുകൾക്ക് അവരെ ചൂഷണം ചെയ്യുന്നതിനുള്ള അവസരമാണ് ഇപ്പോഴുള്ളത്. യുവജനങ്ങൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും ചൂഷണ വിമുക്തരാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉണ്ടാകണം. വർഗ്ഗീയതയിൽനിന്നും യുവജനങ്ങളെ മോചിപ്പിക്കുന്നതിനും യുവജനക്ഷേമ ബോർഡ് വർഗ്ഗീയ വിമുക്തമാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. ഇന്ന് രാഷ്ട്രീയക്കാരും മതനേതാക്കളും കോർപ്പറേറ്റുകളുമെല്ലാം ലക്ഷ്യം വയ്ക്കുന്നത് യുവജനങ്ങളെയാണ്. സമൂഹത്തെ ശാസ്ത്രീയമായി മുന്നോട്ട് നയിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ബില്ലിൽ പ്രതിപാദിച്ചിട്ടില്ല. മാധ്യമങ്ങൾ പൂർണ്ണമായും കോർപ്പറേറ്റ്വത്കരിക്കപ്പെട്ടിരിക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : ഭേദഗതിയെ പിന്തുണയ്ക്കുന്നു. ഇന്ത്യയിലാദ്യമായി യുവജനപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ക്വാസി ജുഡീഷ്യൽ സംവിധാനത്തോടുകൂടി ഒരു കമ്മീഷൻ രൂപീകരിച്ചതിനെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ കേരളത്തിലെ യുവജനങ്ങൾ പ്രൊഫഷണൽ

മേഖലയിൽ നേടിയ മുന്നേറ്റം വളരെ വലുതാണ്. ഗൾഫിൽനിന്ന് മടങ്ങിവരുന്ന ചെറുപ്പക്കാരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും സർക്കാർ അർദ്ധസർക്കാർ മേഖലയിൽ പരമാവധി തൊഴിലവസരങ്ങളുണ്ടാക്കാനും എമർജിംഗ് കേരള പോലെയുള്ള പദ്ധതികളിലൂടെ പുതിയ സംരംഭങ്ങൾ കൊണ്ടുവരുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനും യൂത്ത് കമ്മീഷന് കഴിയണം. യുവജനകമ്മീഷന് അധികാരങ്ങൾ നൽകിക്കൊണ്ട് യുവജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളുമൊരുക്കണം. യുവജനകാര്യങ്ങളിൽ കൂടുതൽ ഇടപെടാൻ കമ്മീഷന് അധികാരം നൽകാനും കമ്മീഷൻ സെക്രട്ടറിക്ക് കൃത്യമായ പ്രായം നിശ്ചയിക്കാനും ചെയർ പേഴ്സണോ അംഗങ്ങൾക്കോ പ്രായപരിധി കഴിഞ്ഞാലും കാലാവധി പൂർത്തിയാക്കുന്നതിനുമുള്ള അവസരം നൽകുന്ന വിധത്തിൽ ബില്ലിൽ മാറ്റം വരുത്തേണ്ടതാണ്. കമ്മീഷന്റെ രൂപീകരണത്തിൽ ഉണ്ടാകുന്ന ന്യൂനതകൾ മാത്രം വച്ചുകൊണ്ട് കമ്മീഷൻ അസാധുവാകുന്നതല്ലെന്നുള്ള വകുപ്പ് നിയമവിരുദ്ധമാണ്. കമ്മീഷന് യോഗം കൂടുന്നതിനുള്ള കാലാവധി നിഷ്കർഷിച്ചിരിക്കുന്നതിൽ വ്യക്തത വേണം. മാസത്തിൽ ഒരിക്കലെങ്കിലും യോഗം കൂടുകയും അതിന് സമയം നിജപ്പെടുത്തുകയും ചെയ്യണം. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് പറഞ്ഞിരിക്കുന്നതെല്ലാം സ്വാഗതാർഹമാണെങ്കിലും അവയിലുള്ള

അവ്യക്തത ഒഴിവാക്കണം. യുവജനങ്ങളുടെ പരാതിയിന്മേൽ സ്വമേധയാ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനുള്ള അധികാരം കമ്മീഷന് നൽകുന്ന വ്യവസ്ഥയ്ക്ക് മാറ്റം വരുത്തണം. കമ്മീഷൻ രൂപീകരിച്ചശേഷം എടുത്ത നടപടികളെ സ്വാഗതം ചെയ്യുകയാണ്.

<u>ശ്രീ. ടി.വി. രാജേഷ്:</u> യൂത്ത് കമ്മീഷൻ ഇന്നത്തെ സാമൂഹികവും സാംസ്കാരികവുമായ അപചയം ഇല്ലാതാക്കാൻ സാധിക്കുന്ന ഒന്നായിരിക്കണം. യുവജനങ്ങൾക്കിടയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഉന്നത നിലവാരത്തിൽ നിൽക്കുന്ന ചെറുപ്പക്കാർക്കിടയിൽനിന്നാണ് ഇന്ന് കുറ്റവാളികൾ ഉണ്ടാകുന്നത്. സമൂഹത്തിൽ ഇന്ന് മനുഷ്യന്റെ മൂല്യബോധം തകർന്നുകൊണ്ടിരിക്കുകയാണ്. ആഗോളവത്കരണത്തിന്റെ ദൂഷ്യഫലങ്ങൾ യുവജനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്നത് യുവജന കമ്മീഷന്റെ പരിഗണനയിലുൾപ്പെടുത്തേണ്ട വിഷയമാണ്. നാടിന്റെ കലാ സാംസ്കാരിക രംഗത്ത് ഉന്നത പങ്ക് വഹിക്കുന്ന വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് നൽകുകയും വേണം. സാംസ്കാരിക അധപതനത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും വ്യവസ്ഥകളും ഈ ബില്ലിൽ

ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. തൊഴിലിന്റെ മഹത്വത്തെപ്പറ്റി യുവാക്കളിൽ അവബോധം സൃഷ്ടിക്കണമെന്ന് ബില്ലിൽ പറയുന്നുണ്ടെങ്കിലും അതിനുവേണ്ടിയുള്ള നീക്കങ്ങളൊന്നും നടത്തിയതായി കാണുന്നില്ല. രാജ്യത്തെ തൊഴിലവസരങ്ങൾ വളരെ പരിമിതമാണെന്നിരിക്കെ ലക്ഷക്കണക്കിന് തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം പുന:പരിശോധിക്കണം. സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാൻ തീരുമാനിച്ചെങ്കിലും അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. എല്.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വ്യവസായങ്ങളിൽ മുതൽമുടക്കാൻ തയ്യാറാകുന്നവർക്ക് അനുകൂല അന്തരീക്ഷം ഒരുക്കുകയും വേണം. യുവാക്കൾക്കായി തൊഴിലവസരം സൃഷ്ടിക്കുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. യുവജന കമ്മീഷനിലെ വനിതാ അംഗങ്ങളുടെ എണ്ണം മൂന്നാക്കി ഉയർത്തണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) : ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. യുവജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ട്

പരിഹാരം കാണുന്നതിനുതകുന്ന സമഗ്രമായ ഒരു നിയമനിർമ്മാണമാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉൾക്കൊള്ളുന്നതും സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നതുമായ ഒരു കമ്മീഷനാണ് ഇവിടെ രൂപം നൽകിയിട്ടുള്ളത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ വിദ്യാഭ്യാസം സംബന്ധിച്ച ആറാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. ബാബു : 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനന്) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു : കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ അംഗസംഖ്യ അഞ്ചും കോറം മൂന്നും എന്ന വ്യവസ്ഥമൂലം ബഞ്ച് രൂപീകരിച്ച് ജില്ലകളിൽ സിറ്റിംഗ് നടത്തുന്നതിന് സാദ്ധ്യമല്ലാതായതിനെ തുടർന്ന് കമ്മീഷന്റെ കോറം മൂന്നിൽനിന്ന് രണ്ടായി കുറയ്ക്കുന്നതിനുള്ള ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. സാജു പോൾ</u> : I move that ............ “This House resolves to disapprove The Kerala Fishermen Debt Relief Commission (Amendment) Ordinance, 2013 (Ordinance No. 41 of 2013)”.

മത്സ്യത്തൊഴിലാളി മേഖല ഉൾപ്പെടുന്ന എട്ട് ജില്ലകളിൽ മാത്രമേ സന്ദർശനം നടത്തേണ്ടതുള്ളു എന്നതിനാൽ കടാശ്വാസ കമ്മീഷന്റെ കോറം രണ്ടായി കുറയ്ക്കേണ്ട ആവശ്യമില്ല. കഴിഞ്ഞ സർക്കാർ മത്സ്യത്തൊഴി ലാളികൾക്ക് കൊടുത്തതുപോലുള്ള ആനുകൂല്യങ്ങളൊന്നും ഈ സർക്കാർ നൽകിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. കടാശ്വാസ കമ്മീഷന്റെ ക്വാറം മൂന്നിൽനിന്നും രണ്ടാക്കി ചുരുക്കി വീണ്ടും ഈ കമ്മീഷനെ ദുർബ്ബലപ്പെടുത്താനുള്ള ഗൂഢനീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നവീകരണം, ആധുനിക മത്സ്യമാർക്കറ്റുകള്, ഫിഷറീസ് റോഡുകള്, വാട്ടർ ആംബുലൻസ് തുടങ്ങിയവ സംബന്ധിച്ച് പ്രഖ്യാപനങ്ങൾ നടന്നതല്ലാതെ ഒന്നും പ്രാവർത്തികമാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. കടൽക്കൊള്ളപോലുള്ള കൊടുംക്രൂരതകൾ മത്സ്യബന്ധന മേഖലകളിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നരക്കോടിയോളം ആളുകൾ പണിയെടുക്കുന്ന മത്സ്യ മേഖലക്കുവേണ്ടി പ്രത്യേകമായൊരു വകുപ്പുപോലും ഇല്ലെന്നത് വസ്തുതയാണ്. കടൽസമ്പത്ത് കടത്തിക്കൊണ്ടുപോകത്തക്ക വിധത്തിലുള്ള

അന്തർദ്ദേശീയ ഉടമ്പടികളിലേർപ്പെട്ടുകൊണ്ട് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദ്രോഹിക്കുന്ന നയസമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. സി.കെ. നാണു</u> : നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ സിറ്റിംഗിനുള്ള അംഗസംഖ്യ കുറയ്ക്കുന്ന നടപടി അംഗീകരിക്കാൻ കഴിയില്ല. വിദേശ ശക്തികൾ കേരളത്തിന്റെ മത്സ്യസമ്പത്ത് കൊള്ളയടിക്കുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ടുന്നവരും ബുദ്ധിമുട്ടനുഭവിക്കുന്നവരുമായ മത്സ്യത്തൊഴിലാളികളുടെ ജീവിതം അങ്ങേയറ്റം ദുസ്സഹമായിത്തീർന്നിരിക്കുന്നത് സർക്കാർ കണ്ടില്ലെന്ന് നടിക്കരുത്. ഈ വിഭാഗത്തിനുവേണ്ടി കടാശ്വാസം നൽകാൻ തീരുമാനിച്ച സംഖ്യ അവർക്കുതന്നെ ലഭിക്കാനും അർഹതപ്പെട്ട സഹായങ്ങൾ നൽകാനുമുള്ള നടപടിയുണ്ടാകണം. മറ്റ് മേഖലകളിലെ കമ്മീഷനുകളുടെ അംഗത്വം കുറച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അംഗങ്ങളുടെ എണ്ണം കുറയ്ക്കുന്നത് ഉചിതമാണോയെന്ന് ആലോചിക്കണം.

<u>ശ്രീ. എസ്. ശർമ്മ</u>: 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 28-02-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കടാശ്വാസ കമ്മീഷന്റെ സിറ്റിംഗിനുള്ള ക്വാറം തികയാതെ വന്നാൽ സിറ്റിംഗ് നഷ്ടപ്പെടരുതെന്ന സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഭേദഗതി ബില്ലാണിത്. കടാശ്വാസ കമ്മീഷൻ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ധന സ്രോതസ്സിന്റെ അപര്യാപ്തതമൂലം മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പ്രതീക്ഷയ്ക്ക് മങ്ങലേറ്റിരിക്കുന്ന സാഹചര്യത്തിലാണ് ഭേദഗതി ബിൽ ചർച്ച ചെയ്യപ്പെടുന്നത്. കടബാധ്യതമൂലം ദുരിതത്തിലാണ്ട മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ആശ്വാസം നൽകുന്നതിനുവേണ്ടി കടാശ്വാസ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങളിൽനിന്നും എൻ.സി.ഡി.സി. യിൽനിന്നും എടുത്തിട്ടുള്ള വായ്പകളും ഹഡ്കോ വഴി എടുത്തിട്ടുള്ള ഭവന വായ്പയും സർക്കാർ ഏറ്റെടുക്കണമെന്ന കമ്മീഷന്റെ ശുപാർശ പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുക യുണ്ടായി. മത്സ്യഫെഡിനു കീഴിൽ പ്രവർത്തിച്ചിരുന്ന പ്രൈമറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിശ്ചലമായപ്പോൾ എൻ.സി.ഡി.സി. ക്ക് നൽകാനുള്ള വായ്പാ തുക എഴുതിത്തള്ളുകയും തൊഴിലാളികൾക്കും സംഘ ങ്ങൾക്കും കടക്കെണിയിൽനിന്ന് ആശ്വാസമുണ്ടാകുകയും ചെയ്തു. കടാശ്വാസ സംഖ്യ മുഴുവൻ കടമായി അവശേഷിക്കുന്ന മുതൽസംഖ്യയിൽ വകയിരുത്താനും പലിശയും പിഴപ്പലിശയും മത്സ്യത്തൊഴിലാളികളിൽനിന്നും ഈടാക്കാത്ത

വിധത്തിലും പലിശയിനത്തിൽ സംഘങ്ങൾക്ക് കൊടുക്കേണ്ടതായ തുകയിൽ ആദ്യ ഗഡു കൊടുക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ കടാശ്വാസ തുക പലിശയിലും പിഴപ്പലിശയിലും വകയിരുത്തണമെന്നും കടാശ്വാസ സംഖ്യ വകയിരുത്തിയതിനുശേഷം കടം അവശേഷിക്കുന്നുവെങ്കിൽ ആയത് തിരിച്ചടയ്ക്കുന്നതിന് ഗഡുക്കൾ അനുവദിക്കാതെ ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം കടം ഈടാക്കണമെന്നുള്ള സഹകരണ വകുപ്പിന്റെ നിർദ്ദേശം മത്സ്യത്തൊഴിലാളികളെ കൂടുതൽ കടബാധ്യതയിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. അതാത് ജില്ലകളിൽ സിറ്റിംഗ് നടത്തി രേഖകൾ പരിശോധിച്ച് കമ്മീഷൻ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് പകരം പല ബാങ്കുകളും അപേക്ഷകർ മത്സ്യത്തൊഴിലാളിയാണോയെന്ന പരിശോധന സംബന്ധിച്ച് കാലതാമസം വരുത്തുകയും ചെയ്യുന്നു. കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത മുഴുവൻ പേരുടേയും വായ്പ അക്കൗണ്ടുകൾ പ്രീ-ആഡിറ്റ് ചെയ്ത് മുതൽസംഖ്യയിൽ വകയിരുത്തുന്ന നടപടി പൂർത്തിയാക്കണം. കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത 141.15 കോടി രൂപ അടിയന്തരമായി അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകണം. കടാശ്വാസ കമ്മീഷനെ കടലാസ് കമ്മീഷനാക്കി അധ:പതിപ്പിക്കുന്ന അവസ്ഥയിൽ എത്തിക്കരുത്. സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ വിദേശനാണ്യവും റവന്യൂ വരുമാനവും നേടിത്തരുന്നതിൽ മുഖ്യ പങ്കുവഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ അംശം അവർക്ക്

തിരിച്ചുകൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിന് കാലവിളംബം കൂടാതെ തുക അനുവദിക്കണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷന്: 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്വാറത്തിന്റെ കാര്യത്തിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. എട്ടാം വകുപ്പിൽ നാലാം ഉപവകുപ്പ് പ്രകാരം കമ്മീഷന് ഉചിതമെന്ന് തോന്നുന്ന സംഗതിയിൽ മൂന്നോ അതിലധികമോ അംഗങ്ങൾ ഉൾപ്പെടുന്ന ബെഞ്ച് രൂപീകരിച്ചുകൊണ്ട് ജില്ലയിൽ സിറ്റിംഗ് നടത്താവുന്നതാണ്. നിലവിൽ നാലാം വകുപ്പ് അനുസരിച്ച് ക്വാറം 3 തന്നെയാണ്. ദ്രുതഗതിയിൽ അപേക്ഷകൾ ഡിസ്പോസ് ചെയ്യാനുള്ള കമ്മീഷന്റെ പ്രായോഗികമായ ബുദ്ധിമുട്ട് ഒഴിവാക്കാനാണ് ജില്ലകളിൽ ബെഞ്ച് രൂപീകരിക്കുമ്പോൾ ക്വാറം 2 ആക്കി കുറയ്ക്കണമെന്ന ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ധനകാര്യവകുപ്പ് പ്രഖ്യാപിച്ച തുക അടിയന്തരമായി അനുവദിച്ചെങ്കിൽ മാത്രമേ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളാൻ സാധിക്കുകയുള്ളൂ. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരം സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത വായ്പകൾ എഴുതിത്തള്ളുന്ന കാര്യത്തിൽ വ്യക്തതയുണ്ടാകണം. തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ ഭവനം, ടോയ്ലറ്റ്, കുടിവെള്ള പ്രശ്നം മുതലായവ

പരിഹരിക്കണം. കൃത്യമായ സമയത്തിനുള്ളിൽ അപേക്ഷകൾ ഡിസ്പോസ് ചെയ്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നടപടികൾ പൂർത്തിയാക്കണം. മത്സ്യത്തൊഴിലാളിക്ക് ഭവനം പണിയാൻ തീരദേശ പരിപാലന നിയമപ്രകാരം നൽകുന്ന ആനുകൂല്യം അംഗീകരിക്കണം. തീരദേശത്തുനിന്നും 500 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ ഒഴിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാകണം. തീരപ്രദേശത്ത് സി.ആർ.ഇസഡ്. നിയമത്തിന്റെ അവ്യക്തതകൊണ്ട് പാവപ്പെട്ട മത്സ്യത്തൊഴി ലാളികൾ വീട് പുതുക്കി പണിയാൻ ബുദ്ധിമുട്ടുകയാണ്. തീരദേശപ്രദേശത്ത് ടൂറിസ്റ്റ് കേന്ദ്രം പണിയുന്നതിന് നിയന്ത്രണമുള്ള നിയമം ദുർവ്യാഖ്യാനം ചെയ്യുന്നത് പരിശോധിക്കണം. ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് കിട്ടുന്ന റേഷൻ മണ്ണെണ്ണ അപര്യാപ്തമായതിനാൽ സർക്കാർ സബ്സിഡൈസ്ഡ് റേറ്റിൽ മണ്ണെണ്ണ വാങ്ങിക്കൊടുക്കാൻ തയ്യാറാകണം. മത്സ്യത്തൊഴി ലാളികൾക്ക് നൽകുന്ന ഇൻഷ്വറൻസ് തുക 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത് അഭിനന്ദനാർഹമാണ്. മത്സ്യബന്ധന സമയത്ത് കടലിൽവച്ച് ഹൃദയാഘാതം മൂലം മരണമടയുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് തുക കൊടുക്കുന്നത് സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് തീരുമാനമുണ്ടാക്കണം. മത്സ്യബന്ധന രംഗത്ത് ആധുനിക രീതികൾ അവലംബിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ സിറ്റിംഗിനുള്ള ക്വാറം മൂന്നിൽനിന്നും രണ്ടാക്കി ചുരുക്കുന്നതുമൂലം ഒരേ സമയത്ത് രണ്ട് സിറ്റിംഗ് നടത്താനും മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ അപേക്ഷയിന്മേൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കാനും സാധിക്കും. കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വരുന്ന കേസുകൾ പരിശോധിച്ച് തീരാത്തതുകൊണ്ട് മൊറട്ടോറിയത്തിന്റെ കാലാവധി 31-12-2014 വരെ നീട്ടിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ഭരണച്ചെലവുകൾക്കും മത്സ്യത്തൊഴിലാളികൾ വിവിധ സ്ഥാപനങ്ങളിൽനിന്നുമെടുത്ത വായ്പകൾ എഴുതിത്തള്ളുന്നതിനുമായി 61.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയ്ക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാൻ ധനകാര്യ വകുപ്പിന് സാധിക്കാത്തതുകൊണ്ടാണ് മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക പൂർണ്ണമായും ചെലവാക്കാൻ കഴിയാത്തത്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ തയ്യാറാക്കി സമർപ്പിക്കുന്ന ലിസ്റ്റിലുള്ളവർക്ക മാത്രമേ കടാശ്വാസം അനുവാദിക്കാവൂ എന്നും കമ്മീഷൻ സമർപ്പിക്കുന്ന ലിസ്റ്റ് അന്തിമമാണെന്നും അത് പുന:പരിശോധിക്കാൻ പാടില്ലെന്നും ആനുകൂല്യത്തിനർഹതയുള്ള വായ്പയുമായി ബന്ധപ്പെട്ട പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി അസ്സൽ മുതലിൽ ബാക്കിയുള്ള

സംഖ്യമാത്രം കടമായി കണക്കാക്കേണ്ടതാണെന്നതും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ഗ്രാന്റ് 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു കൊണ്ട് 6573 വീടുകൾക്ക് ഗ്രാന്റ് നൽകി. ഹഡ്കോയിൽനിന്ന് 150 കോടി രൂപയുടെ വായ്പയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സി.ആർ.ഇസഡ്. പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് നിലവിലുണ്ടായിരുന്ന പരിധിയിൽ ഇളവ് നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിസ്ഥിതി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. വിവിധ സ്ഥാപനങ്ങളിൽനിന്നുമെടുത്ത മത്സ്യത്തൊഴിലാളികളുടെ വായ്പകൾക്കുകൂടി കടാശ്വാസം നൽകുന്നതിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കുകയും എഴുതിത്തള്ളിയ വായ്പകൾ അടയ്ക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം പിൽക്കാല പ്രാബല്യത്തോടുകൂടി നൽകുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

(ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.

*******************